LIBRARY ARCHIVES Kerala Legislative Assembly

(5) ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ബി.പി.സി.എൽ. - കൊച്ചിൻ റിഫൈനറീസ് കമ്പനിയുടെ വികസനവുമായി ബന്ധപ്പെട്ട് പുത്തൻകുരിശ്, തിരുവാണിയൂർ പഞ്ചായത്തുകളിൽനിന്ന് ഏക്കർ കണക്കിന് ഭൂമിയാണ് ഇതിനോടകം ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ അശാസ്ത്രീയമായ ഭൂമി യേറ്റെടുക്കൽ കാരണം നിരവധി കുടുംബങ്ങളാണ് പുതിയ പ്രോജക്ടുകളോടുചേർന്ന് താമസിച്ചുവരുന്നത്, 50 മീറ്റർ വരെ അടുത്ത് താമസിക്കുന്നവരുമുണ്ട്. പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്നതുകൊണ്ട് അവിടെ താമസിക്കുന്നവർ വായുമലിനീ കരണം, ശബ്ദമലിനീകരണം, ജലമലിനീകരണം എന്നിവമൂലം വളരെയധികം ബുദ്ധിമുട്ടുകയാണ്. 24-3-2021-ൽ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അവിടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും 21-6-2021-ൽ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. Ministry of Environment, Forest & Climate change നിഷ്കർഷിച്ചിരിക്കുന്ന ഗ്രീൻ ബെൽറ്റ് അടക്കമുള്ള വിഷയങ്ങളിൽ കമ്പനി വീഴ്ചവരുത്തിയിട്ടുള്ളതായാണ് റിപ്പോർട്ടിലുള്ളത്. മേൽപ്പറഞ്ഞ വിഷയങ്ങൾ കാരണം തങ്ങളുടെ ഭൂമി കമ്പനിക്കു തന്നെ കൈമാറി പോകുവാൻ ജനങ്ങൾ തയ്യാറായിട്ടും ഇവരുടെ ഭൂമി ഏറ്റെടുക്കാൻ കമ്പനി തയ്യാറാകുന്നില്ല. സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് വളരെ വ്യത്യസ്തമായി സഭയിൽ കേൾക്കുന്ന ഒരു പ്രശ്നമാണ്. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ.-യും അദ്ദേഹത്തിന്റെ മുൻഗാമികളും പലതവണ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാല യത്തിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ ഗ്രീൻ ബെൽറ്റിനായി Motor Spirit Block Project എന്ന പദ്ധതിയുടെ നിർമ്മാണത്തിന് കുന്നത്തുനാട് താലൂക്ക് പുത്തൻകുരിശ് വില്ലേജ് 39-ൽപ്പെട്ട 11.3334 ഹെക്ടർ സ്ഥലവും തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 40-ൽ സർവ്വെ നമ്പർ 115-ൽപ്പെട്ട 0.7050 ഹെക്ടർ സ്ഥലവും 7.3229 ഹെക്ടർ പുറമ്പോക്ക് ഭൂമിയുമുൾപ്പെടെ 20.5273 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിന് വിധേയമായി ഏറ്റെടുക്കുന്നതിന് 3-4-2017-ൽ ഗവൺമെന്റ് ഉത്തരവ് 1595/2017/RD പ്രകാരം അനുമതി നൽകിയിട്ടുള്ളതും ഭൂവുടമകൾ ഭൂമി വില അംഗീകരിച്ച് എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തോടെ സ്ഥലം അർത്ഥനാധികാരിയുടെ പേർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 13 ഏക്കർ ഭൂമി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ നിലവിൽ ഏറ്റെടുത്തിട്ടില്ലെന്നും സൂചിപ്പിച്ച് ഗ്രാമവാസികൾ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സമഗ്ര അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 40-ലെ 18.0540 ഹെക്ടർ സ്ഥലം കൊച്ചിൻ റിഫൈനറിയുടെ PDPP (Propylene Derivatives Petrochemical Project)-ക്കുവേണ്ടി ഏറ്റെടുക്കാൻ അർത്ഥന സമർപ്പിച്ചിരുന്നതും 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നതുമാണ്. അതേത്തുടർന്ന് 26-12-2013-ൽ DLPC മീറ്റിംഗിൽ ഭൂവുടമകളുമായി നടന്ന ചർച്ചയിൽ സ്ഥലവില നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമാകാത്തതിൽ പദ്ധതി ഉപേക്ഷിച്ചുവെന്നാണ് ഇപ്പോൾ കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്. നിലവിൽ മറ്റ് പ്രോജക്ടുകൾക്കായി Additional Land Acquisition ആവശ്യമില്ലെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഭൂമി ആവശ്യമുണ്ടെന്ന് കമ്പനി അറിയിക്കുന്നപക്ഷം ഭൂമിയേറ്റെടുത്ത് നൽകുന്നതിനാവശ്യമായ നടപടി സർക്കാരിന് സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ഒരു യോഗം വിളിച്ച് എങ്ങനെയാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയെന്ന് വകുപ്പ് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

(6) ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ

ശ്രീ. കെ. ജെ മാക്സി: സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ അതോറിറ്റി നൽകിവരുന്ന വാട്ടർ ബിൽ തുക വളരെ ഭീമമാണ്. പട്ടാളം ജുമാ മസ്ജിദിന് 28,57,568 രൂപയും കുന്നുംപുറം ജമാ അത്തെയ്ക്ക് 15 ലക്ഷം രൂപയുമാണ് ബിൽ തുക വന്നിരിക്കുന്നത്. കൂടാതെ ചെർലായി, തിരുമല ദേവസ്വം തുടങ്ങി മറ്റ് നിരവധി ആരാധനാലയങ്ങൾക്ക് ഭീമമായ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകിവരുന്നത്. 1985 വരെ കൊച്ചി നഗരസഭയിൽ കുടിവെള്ളം പൂർണ്ണമായും സൗജന്യമായി നൽകിയിരുന്നത് നഗരസഭയാണ്. ഈ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ സ്ഥാപിക്കുകയോ വാട്ടർ ബിൽ നൽകുകയോ ചെയ്തിരുന്നില്ല. 36 വർഷത്തിനുശേഷമാണ് ഈയൊരു നടപടിയുമായി വാട്ടർ അതോറിറ്റി മുന്നോട്ടുപോകുന്നത്. ആരാധനാലയങ്ങളുടെ ഈ ബിൽ തുക പൂർണ്ണമായും ഒഴിവാക്കി പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ ഇല്ലാത്തതുമൂലം ഉപയോഗിച്ചിട്ടില്ലാത്ത ശുദ്ധജലത്തിന് നൽകിയിട്ടുള്ള ഭീമമായ